പഴയ തെറ്റ് തിരുത്താൻ ശ്രമം തുടങ്ങിയത്. അതിന്റെ ഫലമായി 5-ാം ക്ലാസ്സ് വരെയെങ്കിലും മലയാളം നിർബന്ധമായി പഠിക്കണമെന്ന് ഉത്തരവിറക്കി. പഠന മാധ്യമം മലയാളമാകൽ മാത്രമല്ല, ഒന്നാം ഭാഷയായി മലയാളം പഠിപ്പിക്കുകയും മാതൃഭാഷ പഠിക്കാതെ സ്കൂൾ ഫൈനൽ പാസ്സാകാമെന്ന അവസ്ഥ ഇല്ലാതാകുകയും വേണം. കാരണം ഭാഷാ പഠനത്തിലൂടെ മാത്രമേ സാംസ്കാരികമായി മുന്നേറ്റമുണ്ടാകുകയുള്ളൂ. ഇപ്പോൾ പാഠ്യപദ്ധതിയിൽ പാർട്ട് -II മലയാളം പഠിക്കണമെന്ന് നിഷ്കർഷിക്കുമ്പോഴും മുന്നിൽ രണ്ട് പീരിയഡുകൾ മാത്രമാണ് ഇതിനായി നീക്കിവച്ചിട്ടുള്ളത്. മറ്റ് ഭാഷകൾ പഠിക്കാനുള്ള താൽപ്പര്യത്തേയും അവകാശത്തേയും മറ്റ് ഭാഷാ അദ്ധ്യാപകരുടെ ജോലിയേയും എല്ലാം പൂർണ്ണമായി സംരക്ഷിച്ചുകൊണ്ടുതന്നെ മാതൃഭാഷ നിർബന്ധമാക്കാൻ കഴിയണം. പണ്ടെന്നോ വിദ്യാഭ്യാസ വകുപ്പും കരിക്കുലം കമ്മിറ്റിയും വരുത്തിവച്ച വിന ഏകപക്ഷീയമായി തിരുത്തുക എന്നത് എളുപ്പമല്ല. പൊതു സമൂഹത്തിൽ അതിന് സമവായമുണ്ടാക്കാൻ കഴിയണം. സ്കൂൾ വിദ്യാർത്ഥികളെങ്കിലും മാതൃഭാഷ നിർബന്ധമായി പഠിച്ചിരിക്കേണ്ടത് സംസ്കാരത്തിന്റെ നിലനിൽപ്പിനും മുന്നേറ്റത്തിനും സാമൂഹ്യ പുരോഗതിക്കും അനിവാര്യമാണെന്ന ബോധം വേണം. അതുകൊണ്ട് സർക്കാർ ഇക്കാര്യത്തിൽ നടപടികളാരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നിർബന്ധമായും മലയാളം ഒന്നാം ഭാഷയായി സ്വീകരിക്കേണ്ട പ്രായോഗിക നടപടികൾ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കരിക്കുലം കമ്മിറ്റി ഒരു ഉപസമിതിയെ നിയോഗിച്ചിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(3) ഇരിങ്ങാലക്കുട മാപ്രാണം ഹോളിക്രോസ് ദേവാലയത്തിലെ തിരുശേഷിപ്പ് മോഷണം പോയ സംഭവം

ഇതേ വിഷയം സംബന്ധിച്ച് ശ്രീ. ബി.ഡി. ദേവസ്സിയും നോട്ടീസ് നൽകിയിട്ടുണ്ട്.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : സർ, ഏഷ്യയിലെ ഏറ്റവും പ്രസിദ്ധമായ തീർത്ഥാടന കേന്ദ്രമാണ് ഇരിങ്ങാലക്കുടയിലെ മാപ്രാണം ഹോളിക്രോസ് ദേവാലയം. ഈ ദേവാലയത്തിൽ നിന്നും 30-11-2010-ൽ അതിവശ്രേഷ്ഠവും വളരെ പരിപാവനവുമായിട്ടുള്ള മൂന്ന് തിരുശേഷിപ്പുകൾ മോഷണം പോയിരിക്കുകയാണ്. യേശുക്രിസ്തു ക്രൂശിക്കപ്പെട്ട വിശുദ്ധകുരിശിന്റെ അംശം ഉൾക്കൊള്ളുന്ന തിരുശേഷിപ്പ്, അതുപോലെ തന്നെ ഗാഗുൽത്താ മലയിലേക്ക് കുരിശ് വഹിച്ചുപോയ യേശുക്രിസ്തുവിന്റെ തിരുമുഖം വെറോനിക്ക തുടച്ചപ്പോൾ തൂവാലയിൽ പതിഞ്ഞ തിരുരക്തത്തിന്റെയും വിയർപ്പിന്റെയും തിരുശേഷിപ്പ്, യേശുക്രിസ്തുവിന്റെ തിരുവിലാവിൽ കുത്തിയപ്പോൾ കുന്തത്തിൽ പതിഞ്ഞ തിരുരക്തത്തിന്റെ തിരുശേഷിപ്പ് ഈ മൂന്ന് തിരുശേഷിപ്പുകളും ഒരുമിച്ച് സൂക്ഷിക്കപ്പെട്ടിട്ടുള്ള ഏഷ്യയിലെ ഏക ദേവാലയമാണ് ഇരിങ്ങാലക്കുട മാപ്രാണം ഹോളിക്രോസ് ദേവാലയം. ഈ തിരുശേഷിപ്പുകൾക്ക് 1858 ജൂലായ് 13-ന് ക്ലിയോ പതിമൂന്നാമൻ മാർപ്പാപ്പയുടെ കയ്യൊപ്പോടുകൂടിയ ലത്തീൻ

LIBRARY ARCHIVES Kerala Legislative Assembly

ഭാഷയിലുള്ള സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. ഈ ദേവാലയം ഔദ്യോഗിക തീർത്ഥാടന കേന്ദ്രമാണെന്നുള്ളതിന്റെ പ്രാധാന്യം മനസ്സിലാക്കി ഇന്ത്യൻ തപാൽ വകുപ്പ് ഈ ദേവാലയത്തിന്റെ മുഖചിത്രം അടങ്ങുന്ന സ്റ്റാമ്പ് തന്നെ പ്രകാശനം ചെയ്തിട്ടുണ്ട്. ലോകത്തിലെ ഏറ്റവും വലിയ മെഴുക് ശില്പം സ്ഥാപിച്ചിട്ടുള്ള മാപ്രാണം ഹൊളിക്രോസ് ദേവാലയം ഗിന്നസ് ബുക്കിലും ലിങ്കോ ബുക്കിലും സ്ഥാനം നേടിയിട്ടുണ്ട്. ജാതിമതാദിഭേദമെന്യേ വണങ്ങിയിരുന്ന വിലമതിക്കാനാകാത്ത തിരുശേഷിപ്പുകളുടെ നഷ്ടപ്പെടൽമൂലം വിശ്വാസ സമൂഹത്തിനുണ്ടായിട്ടുള്ള മുറിവ് വളരെ വലുതാണ്. അതിപുരാതനമായ ദേവാലയത്തിൽ ഉണ്ടായിട്ടുള്ള തിരുശേഷിപ്പുകളുടെ മോഷണം സംബന്ധിച്ച് പ്രതിയെന്ന് സംശയിക്കുന്ന ഒരു വ്യക്തിയുടെ ലുക്കൗട്ട് നോട്ടീസ് പോലീസ് പ്രസിദ്ധീകരിക്കുകയും തിരുശേഷിപ്പുകൾ സൂക്ഷിച്ചിരുന്ന പേടകത്തിന്റെ ചില ഭാഗങ്ങൾ കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും പ്രതികളെ പിടികൂടാനോ തിരുശേഷിപ്പുകൾ വീണ്ടെടുക്കാനോ കഴിയാത്തതിൽ ഇരിങ്ങാലക്കുടയിലെ എല്ലാ വിഭാഗം ജനങ്ങളും കടുത്ത വേദനയിലും ആശങ്കയിലുമാണ്. മോഷണം ഉണ്ടായതിനെത്തുടർന്ന് കേന്ദ്ര പ്രവാസി വകുപ്പുമന്ത്രിയും സംസ്ഥാന ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണനും അതുപോലെ മറ്റ് മന്ത്രിമാരും എം.എൽ.എ.-മാരും പ്രതിപക്ഷ നേതാവും വിവിധ രാഷ്ട്രീയ കക്ഷി നേതാക്കന്മാരും കൈത്തെന്നെയും ആ ദേവാലയത്തിൽ വരികയുണ്ടായി. ഡി.ജി.പി. ഉൾപ്പെടെയുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥന്മാരും സംഭവസ്ഥലം സന്ദർശിച്ചിട്ടുണ്ട്. അമൂല്യമായ തിരുശേഷിപ്പുകൾ മോഷണം പോയ സംഭവത്തിൽ ശക്തമായി പ്രതിഷേധിച്ച് ഇരിങ്ങാലക്കുടയിൽ ആക്ഷൻ കൗൺസിൽ രൂപീകരിച്ച് നിരന്തരമായ പ്രാർത്ഥനാ സമരം നടത്തിവരികയാണ്. മാർത്തോമാ ദേവാലയവും ഇരിങ്ങാലക്കുട രൂപതയും ക്രൈസ്തവ സഭൈക്യവേദികളും പൊതുസമൂഹവും ജാതിമത രാഷ്ട്രീയ ഭേദമെന്യേ കടുത്ത വിഷമത്തിലും പ്രതിഷേധത്തിലുമാണ്. പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പ്രത്യേകമായ സ്കാഡിനെ അന്വേഷണത്തിന് നിയോഗിച്ചിട്ടുണ്ടെങ്കിലും തിരുശേഷിപ്പുകൾ വീണ്ടെടുക്കാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ കൂടുതലായി ഫലപ്രദമായ അന്വേഷണം നടത്തുന്നതിന് അതിവിദഗ്ദ്ധരായ ടീമിനെ നിയോഗിക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട അംഗം തോമസ് ഉണ്ണിയാടൻ പറഞ്ഞ സംഭവവികാസങ്ങളെ ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടിയാണ് കണക്കിലെടുത്തിട്ടുള്ളത്. 30-11-2010 രാവിലെ 8.30-ന് ഇതു സംബന്ധിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ ശിക്ഷാനിയമം 457, 461, 380 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 1503/2010 ആയി ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. വിവരമറിഞ്ഞയുടൻതന്നെ തൃശ്ശൂർ റെയിഞ്ച് ഐ.ജി., ജില്ലാ പോലീസ് സൂപ്രണ്ട് തുടങ്ങിയ ഉന്നത പോലീസ് ഉദ്യോഗസ്ഥന്മാർ സംഭവസ്ഥലം സന്ദർശിക്കുകയുണ്ടായി. ഇതുസംബന്ധിച്ച കേസിന്റെ അന്വേഷണ പുരോഗതി

LIBRARY ARCHIVES Kerala Legislative Assembly

ഡി.ജി.പി. ഉൾപ്പെടെ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. കേസ് അന്വേഷണത്തിന് ഇതിനോടകം തന്നെ എഎസ്പി-യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സംഘത്തെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. വിരലടയാള വിദഗ്ദ്ധരും സയന്റിഫിക് അസിസ്റ്റന്റും സൈബർസെൽ ഉദ്യോഗസ്ഥരും സംഭവസ്ഥലം സന്ദർശിച്ച് തെളിവെടുപ്പ് നടത്തുകയും ഡോഗ് സ്ക്വാഡിന്റെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്ഥിരം കുറ്റവാളികളുടെയും സമാന കുറ്റകൃത്യങ്ങൾ ചെയ്യുന്നവരുടെയും മുമ്പ് ശിക്ഷിക്കപ്പെട്ടിട്ടുള്ള കുറ്റവാളികളുടെയും വിവരങ്ങൾ ശേഖരിച്ച് പരിശോധിച്ച് വരികയാണ്. മോഷ്ടിക്കപ്പെട്ട വസ്തുക്കളുടെ വിവരവും ഫോട്ടോഗ്രാഫുകളും ചേർത്ത് ക്രൈം മെമ്മോകൾ മറ്റ് പോലീസ് സ്റ്റേഷനുകളിലേയ്ക്കും ഡി.സി.ആർ.ബി.-യിലേയ്ക്കും അയച്ചും അന്വേഷണ സംഘത്തെ അയൽ സംസ്ഥാനങ്ങളിലേക്ക് അയച്ചും സമഗ്രമായ അന്വേഷണം നടത്തിവരികയാണ്. കൃത്യം നടന്ന സ്ഥലത്ത് നിന്ന് ലഭിച്ച തെളിവിന്റെ അടിസ്ഥാനത്തിൽ ഈ കേസിൽ സംശയിക്കപ്പെടുന്നവരുടെ ഫോട്ടോ പത്രത്തിൽ പരസ്യം ചെയ്യുകയും ലുക്കൗട്ട് നോട്ടീസ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള ശ്രമങ്ങൾ പ്രത്യേക അന്വേഷണ സംഘം ഊർജ്ജിതമായി നടത്തിവരികയാണ്. കേസിന്റെ അന്വേഷണ പുരോഗതി ദിവസവും വിലയിരുത്തുന്നതിനുവേണ്ടി തൃശ്ശൂർ ഐ.ജി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡി.ജി.പി. ഉൾപ്പെടെയുള്ളവർ ഈ കേസിനാവശ്യമായ പരിശോധന നടത്തിവരികയാണ്. പ്രതിയെ പിടികൂടുന്നതിനുള്ള എല്ലാ നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കും. ബഹുമാനപ്പെട്ട അംഗത്തിനും കേസിന്റെ പുരോഗതിയൊക്കെ അറിയാവുന്നതാണ്. ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ചെയ്യുന്നതാണ്.

(4) ഷിജാദിന്റെ മരണം

ശ്രീ. കെ. രാജു : സർ, കൊല്ലം ജില്ലയിൽ തെന്മല ഗ്രാമ പഞ്ചായത്തിലെ യു.ഡി. ക്ലാർക്കായിരുന്ന ഷിജാദ് ജോലി കഴിഞ്ഞ് കുളത്തൂപ്പുഴയുള്ള തന്റെ വീട്ടിലേയ്ക്ക് ബൈക്കിൽ സഞ്ചരിച്ചുവരുന്ന വഴിക്ക് ആക്രമികളാൽ കൊല ചെയ്യപ്പെട്ടു. ഷിജാദിന്റെ മൃതദേഹം പരിശോധിച്ചപ്പോൾ ആഴമേറിയ പരിക്കുകളും മറ്റും ധാരാളമുണ്ടായിരുന്നു. അദ്ദേഹം ബൈക്കിലാണ് ജോലി കഴിഞ്ഞ് വീട്ടിലേയ്ക്ക് പോയത്. പ്രതികൾ ആരെന്ന് യാതൊരു തുമ്പും ഇന്നുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ബൈക്കും ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ 27-ാം തീയതിയായിരുന്നു സംഭവം. കൊല്ലം ചെങ്കോട്ട റോഡ് സൈഡിലുള്ള കൊക്കയിലാണ് ഷിജാദിന്റെ ബോഡി കിടന്നത്. അവിടെ ആർ.പി.എൽ. എസ്റ്റേറ്റിന്റെ വക റബ്ബർ തോട്ടവും റോഡിന്റെ ഒരു സൈഡിൽ ഫോറസ്റ്റുമാണ്. മൃതദേഹം കണ്ട സമയം മുതൽ ലോക്കൽ പോലീസ് കാര്യമായ അന്വേഷണം ആരംഭിച്ചു. എന്നാൽ നാളിതുവരെ പ്രതികളെയോ ബൈക്കോ സംഭവസമയം ധരിച്ചിരുന്ന ഹെൽമെറ്റോ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ലോക്കൽ പോലീസിന്റെ അന്വേഷണത്തിൽ വേണ്ടത്ര പുരോഗതി ഇല്ലാത്ത സാഹചര്യത്തിൽ കുറച്ചുകൂടി ശാസ്ത്രീയമായ നിലയിൽ അന്വേഷണം നടത്തുന്നതിനും തൊട്ടടുത്ത് തമിഴ്നാട് അടക്കമുള്ള പ്രദേശങ്ങളിലേക്കുംകൂടി അന്വേഷണം വ്യാപിപ്പിക്കാനും തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly